# Weekly Devotion- November 2017

## Extinguished lamp (കെടുന്ന ദീപം)




ബൾഗേറിയയിൽ കമ്മ്യൂണിസ്റ്റ് ചിന്താഗതിയിൽ ആകൃഷ്ടയായ ഒരു പെൺകുട്ടി ഉണ്ടായിരുന്നു.മറിയം എന്ന് പേരുളള ഈ യുവതിക്ക് ദൈവ വചനത്തെ ഈ ചിന്താഗതി യാൽ എതിർക്കുവാൻ നാലുവർഷത്തെ പരിശീലനം ലഭിച്ചു. പരിശീലനം അതിസമർത്ഥമായി അവൾ പൂർത്തിയാക്കി.ഒരു ദിവസം പകൽ ഒരുകൂട്ടം ആളുകളോട് കമ്മ്യൂണിസ്റ്റ് ചിന്താഗതി കളുടെ നന്മയെ വർണ്ണിക്കുകയായിരുന്നു മറിയ. താൻ അവതരിപ്പിച്ച കമ്മ്യൂണിസ്റ്റ് തത്വസം ഹിതകൾ സ്ഥാപിച്ചെടുക്കുവാൻ ദൈവവചനത്തിനെതിരായി അവൾ സംസാരിച്ചു.വചന നിഷേധികൾ ആർത്തുല്ലസിച്ചു.പെട്ടെന്ന് ഒരു ദീനരോധനം ഉയർന്നു ആരാണ് വിളക്കണച്ച ത്, ഇരുട്ട് എങ്ങനെ വന്നു. പ്രസംഗവിഷയത്തിൽ നിന്ന് മാറിയുളള ചോദ്യം കേട്ടവർ പറഞ്ഞു ആരും വിളക്കണച്ചില്ല എന്ന്. പെട്ടെന്ന് അവൾ പറഞ്ഞു അതേ ! വിളക്കണക്കു വാൻ അധികാരമുളള ആ ഏകൻ തന്നെ എന്റെ കാഴ്ചയെ തിരിച്ചെടുത്തു. ദൈവനിന്ദ ഉയർത്തിയവൾക്കു ലഭിച്ച ശിക്ഷ എത്ര ഭയങ്കരം എന്ന് മനസ്സിലാക്കുക.

ദൈവമായ യഹോവയുടെ വാക്കു കേട്ട് അനുസരിച്ചു നടക്കാഞ്ഞാൽ ശാപം ജീവിതത്തിൽ ഉണ്ടാകും എന്ന് വചനം വ്യക്തമാക്കുന്നു. Read ആവ : (28:15),ഗർവ്വമു ളള കണ്ണും, അഹങ്കാരഹൃദയവും, ദുഷ്ടന്മാരുടെ ദീപവും, പാപം തന്നെയാണ് . പാപം ശാപ ത്തിലേക്ക് നയിക്കുന്നതിനാൽ അനുസരണം കെട്ടവന്റെ വഴി ഇരുട്ടത്രെ . കുരുടൻ അന്ധതമസ്സിൽ തപ്പി നടക്കുന്നതുപോലെ ദൈവകല്പനകൾ അനുസരിക്കാത്തവർ ഉച്ചസമ യത്ത് തപ്പി നടക്കും.

വ്യക്തികൾക്കുളള ശിക്ഷയ്ക്ക് സദൃശമാണ് ഇരുട്ട് . ഇയ്യോബ് (18:16)ൽ ദുഷ്ടന്റെ കൂടാരത്തിൽ വെളിച്ചം ഇരുണ്ടുപോകും. ദുഷ്ടന്റെ ദീപം കെട്ടുപോകുന്നു എന്ന് കാണാം . ഉദാഹരണമായി ഏലിപുരോഹിതന്റെ കൂടാരത്തിലേക്ക് നോക്കാം. പുരോഹിതന്റെ മക്കൾ ആലയത്തിലെ നന്മ മുടക്കുന്ന പ്രതിയോഗികളായിരുന്നു. ഇവർ നീചന്മാരും യഹോവയെ ഓർക്കാത്തവരും ആയിരുന്നു.Read 1ശമു:(2:17,32,34) ഏലിയുടെ ഭവനത്തിന് ശിക്ഷ ലഭിച്ചു. രണ്ടു മക്കളും ഒരേ ദിവസം മരിച്ചു . പുരുഷപ്രായത്തിൽ തന്നെ ആ ഭവനത്തിലെ സന്താന ങ്ങളൊക്കെയും മരിച്ചു.(1 ശമു 2 :34).അതായത് , കൂടാരത്തിൽ ദീപം അണഞ്ഞു ഇരുട്ട് വ്യാപിച്ചു . ചെയ്ത പ്രവർത്തിയുടെ ശിക്ഷയാണ് അതിന് കാരണം .

അപ്പോസ്തോലനായ യോഹന്നാൻ പറയുന്നത് മനുഷ്യൻ വെളിച്ചത്തേക്കാൾ അധികമായി ഇരുളിനെ സ്നേഹിക്കുന്നു എന്നാണ് . തിന്മയും ഇരുളും തമ്മിൽ ബന്ധമു ണ്ട്. തിന്മ പ്രവർത്തിക്കുവാൻ പ്രേരിതരാകുന്നവരെല്ലാം വെളിച്ചമായവനെ പകെയ്ക്കുന്നവ രാണ്. വെളിച്ചത്തെ ഉപയോഗപ്പെടുത്താത്തവർ അന്ധകാരത്തെ ഉപയോഗിച്ച് തിന്മകൾ ചെയ്യുന്നു.അവരിലെ വെളിച്ചം നിലനിൽക്കുന്നത് വെളിച്ചമായവനിൽ നിന്ന് അത് പകരപ്പെ ടുമ്പോഴാണ്.

ദീർഘായുസ്സുണ്ടാകുവാൻ അപ്പനെയും അമ്മയെയും ബഹുമാനിക്കേണ മെന്നാണ് വചനം പഠിപ്പിക്കുന്നത് . അത് അനുസരിക്കാതെ അവരെ ശപിക്കുന്നവർക്കുളള ശിക്ഷയും വചനം വ്യക്തമാക്കുന്നു .അവരുടെ വിളക്ക് കുരിരുട്ടിൽ കെട്ടുപോകുന്നു.

കളളൻ രാത്രിയിൽ വരും പോലെ കർത്താവിന്റെ നാൾ വരുന്നു എന്ന് നാം അറിയു ന്നു. കളളന്റെ പ്രവർത്തി ഇരുട്ടിലാകയാൽ ഇരുട്ടിന്റെ മക്കൾ മാത്രം ആ ദിവസത്തെ ഭയ ന്നാൽ മതി . വെളിച്ചത്തിന്റെ അഥവാ പകലിനുളളവരായിത്തീർന്നവർ വിളക്കുകെടാത്തവ രാണ്. വിശ്വാസവും, സ്നേഹവും എന്ന കവചവും , ശിരസ്ത്രമായി രക്ഷയുടെ പ്രത്യാ ശയും ധരിച്ച് സുബോധമുളളവരായി ഉണർന്നിരുന്നാൽ നമ്മുടെ വിളക്ക് കെട്ടുപോകയില്ല. കെടാത്തവിളക്കായി , നിരന്തരം കത്തിജ്വലിക്കുന്ന നല്ല നിലവിളക്കാകുവാൻ യഹോവ നമ്മെ സഹായിക്കട്ടെ.

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind